"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ ആനക്കുണ്ട് തടാക നവീകരണവുമായി ബന്ധപ്പെട്ട് മണ്ണ് ലേലം കൊണ്ട വകയിൽ കരാറുകാരനായ ശ്രീ. അബ്ദുല്ല വി.വി യ്ക്ക്, ടിയാൻ പഞ്ചായത്തിൽ അടവാക്കിയ തുകയുടെ 50 ശതമാനം തിരികെ നൽകിയും, ബാക്കി നഷ്ടം തിട്ടപ്പെടുത്തുന്നതിന് അനുസൃതമായി തീർപ്പാക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.770/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. ശ്രീ വി വി അബ്ദുല്ലയുടെ അപേക്ഷ
2. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/12/2025 ലെ എ2/4844/2025 നമ്പർ കത്ത്
3. 31.12.2025 ലെ ആർസി1/22/2025-ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത്
4. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.03.2026 ലെ SC2-01/2026 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ ആനക്കുണ്ട് തടാക നവീകരണത്തിന്റെ ഭാഗമായി തടാകത്തിൽ നിന്നും എടുക്കുന്ന മണ്ണ് നീക്കം ചെയ്തു കൊണ്ട് പോകുന്നതിനായി കരാറുകാരനായ ശ്രീ. അബ്ദുല്ല. വി.വി 1,04,16,000/- (ഒരു കോടി നാല് ലക്ഷത്തി പതിനാറായിരം) രൂപ പഞ്ചായത്തിൽ അടയ്ക്കുകയും, എന്നാൽ നിശ്ചിത സമയത്തിനകം മണ്ണ് തടാകത്തിൽ നിന്നും എടുത്തു നൽകുവാൻ പഞ്ചായത്തിന് സാധിക്കാത്തതും, മണ്ണ് പരിശോധനാ റിപ്പോർട്ടുകളിലെ വൈരുദ്ധ്യവും കാരണം കരാർ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നേരിട്ടതിനാൽ അടവാക്കിയ തുക തിരികെ ലഭ്യമാക്കണമെന്ന് പരാമർശം 1 പ്രകാരം അബ്ദുല്ല അഭ്യർത്ഥിച്ചിരുന്നു.

പ്രസ്തുത ആവശ്യം സർക്കാർ പരിശോധിക്കുകയും, പരാതിക്കാരനെയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും സർക്കാർ നേരിൽ കേൾക്കുകയും, മണ്ണ് പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വ്യക്തമാക്കുവാൻ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ലേല നടപടികൾക്കിടെ സാമ്പിൾ

പരിശോധനയ്ക്കും സംശയനിവാരണത്തിനും അവസരം നൽകിയിരുന്നുവെന്നും അടിസ്ഥാന വില 123/- രൂപയാണെന്ന് ലേലക്കാരെ അറിയിച്ചിരുന്നുവെന്നും, എന്നാൽ മണ്ണിലെ കളിമണ്ണിന്റെ അളവ് സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ, 12.06.2023-ന് ചേർന്ന ജില്ലാ ആസൂത്രണ സമിതി അവലോകന യോഗം പ്രശ്നം പരിഹരിക്കാനായി ജിയോളജി വകുപ്പിനെയും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെയും ഉപയോഗിച്ച് മണ്ണിന്റെ സാമ്പിൾ വീണ്ടും കെമിക്കൽ പരിശോധന നടത്താൻ തീരുമാനിച്ചിരുന്നെന്നും പരാമർശം 2 പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു.

കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ ആനക്കുണ്ട് തടാക നവീകരണവുമായി ബന്ധപ്പെട്ട് നടത്തിയ മണ്ണ് ലേലത്തിൽ ആസൂത്രണ പിഴവുകൾ സംഭവിച്ചതായി സർക്കാർ കണ്ടെത്തിയതിനാലും, മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയാകുന്നതിന് മുൻപ് ലേലം നടത്തിയതിനാലും, മണ്ണ് ലഭ്യമാകുന്നതിന് മുൻപ് തന്നെ ആറുമാസത്തെ സമയപരിധി നിശ്ചയിച്ചതിനാലും,, കൂടാതെ, മണ്ണ് പരിശോധനാ റിപ്പോർട്ടിലെ കളിമണ്ണിന്റെ ശതമാനം സംബന്ധിച്ച കരാറുകാരന് അവ്യക്തത ഉണ്ടായതിനാലും, കരാർ മൂലം പഞ്ചായത്തിന് ഉണ്ടായ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തിയ ശേഷം ബാക്കി തുക കരാറുകാരന് അടിയന്തിരമായി തിരികെ നൽകുവാൻ പരാമർശം 3 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുക മടക്കി നൽകുന്നതിനെക്കുറിച്ച് 2026 മാർച്ച് 4-ന് ചേർന്ന പഞ്ചായത്ത് യോഗം ചർച്ച ചെയ്യുകയും, ഇക്കാര്യത്തിൽ നിലവിലുള്ള ഓഡിറ്റ് പരാമർശങ്ങളും നിയമവശങ്ങളും പരിഗണിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുകയും ചെയ്തു. നഷ്ടം കണക്കാക്കുന്നതിനായി ഓഡിറ്റ് വകുപ്പിനെയോ മറ്റ് ഏജൻസികളെയോ ചുമതലപ്പെടുത്തി സർക്കാരിൽ നിന്ന് വ്യക്തമായ നിർദ്ദേശം ലഭ്യമായാൽ അതനുസരിച്ച് തീരുമാനമെടുക്കാമെന്നും പഞ്ചായത്ത് ഭരണസമിതി ഐക്യകണ്ഠേന തീരുമാനിച്ചതായി പരാമർശം 4 പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെറ്റായ വിവരങ്ങൾ വഴി ലേലനടപടികൾ ചെയ്ത പഞ്ചായത്തിന്റെ ഉത്തരവാദിത്തം കൂടി കണക്കിലെടുത്തുകൊണ്ട്, അധികമായി അപേക്ഷകന് പണം ലഭ്യമായി എങ്കിൽ അത് പഞ്ചായത്തിന് അല്ലെങ്കിൽ സർക്കാരിന് തിരികെ നൽകുന്നതാണ് എന്ന വ്യക്തമായ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ ആനക്കുണ്ട് തടാക നവീകരണവുമായി ബന്ധപ്പെട്ട് മണ്ണ് ലേലം കൊണ്ട വകയിൽ കരാറുകാരനായ ശ്രീ. അബ്ദുല്ല വി.വി യ്ക്ക്, ടിയാൻ പഞ്ചായത്തിൽ അടവാക്കിയ തുകയുടെ 50 (അമ്പത്) ശതമാനം തുക കാട്ടകാമ്പൽ ഗ്രാമപഞ്ചായത്ത് തിരികെ നൽകിയും, ബാക്കി തുക നഷ്ടം തിട്ടപ്പെടുത്തുന്നതിന് അനുസൃതമായി തീർപ്പാക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്
3. ശ്രീ. അബ്ദുല്ല വി വി, വെട്ടിക്കാട്ട് ഹൗസ്, പൊന്നാനി താലൂക്ക്, നന്നമുക്ക് ദേശം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
4.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5.വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7.കരുതൽ ഫയൽ - ആർസി1/22/2025-ത.സ്വ.ഭ.വ

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

സെക്ഷൻ ഓഫീസർ

Date: 15-03-2026 18:03:29